**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 134** — **12-09-2023 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷിക്കാരായ വ്യക്തികളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. ലിന്റോ ജോസഫ്** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കേരള വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന ഭിന്നശേഷിക്കാരായ വ്യക്തികളുടെ ക്ഷേമത്തിനായി നടപ്പിലാക്കിവരുന്ന സംസ്ഥാനതല പദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കാമോ; | (എ) | കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന ഭിന്നശേഷിക്കാരായ വ്യക്തികളുടെ ക്ഷേമത്തിനായി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ താഴെ പറയും പ്രകാരമാണ്. പ്രസ്തുത പദ്ധതികൾ സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധം ഒന്നായി ചേർത്തിട്ടുണ്ട്.<br><br>1. ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ തുടങ്ങിയ ആധുനിക ഉപകര ണങ്ങളുടെയും പ്രത്യേക ആവശ്യങ്ങൾ ക്കുള്ള മറ്റ് സഹായ ഉപകരണങ്ങളുടെ യും സൗജന്യ വിതരണം<br><br>2. ട്രൈസ്കൂട്ടർ വിതരണം<br><br>3. മോട്ടോറൈസ്ഡ് മുച്ചക്രവാഹനങ്ങ ൾക്കുള്ള സബ്സിഡി<br><br>4. സ്വയം തൊഴിൽ പദ്ധതി (ബാങ്ക് വായ്പ സബ്സിഡി)<br><br>5. സ്വയം സഹായ സംഘങ്ങളുടെ പരി പോഷണം<br><br>6. ഭിന്നശേഷിക്കാരായ ലോട്ടറി ഏജന്റുമാർക്കുള്ള സാമ്പത്തിക സഹായം<br><br>7. സ്വയം തൊഴിലിന് വായ്പ ലഭിക്കുന്നതിന് ഈട് നൽകാൻ കഴിവില്ലാത്തവർ ക്ക് സ്വയം തൊഴിലിന് സാമ്പത്തിക സ ഹായം |

| | | | |
|---|---|---|---|
| | | | 8. നാഷണൽ ഹാൻഡിക്കാപ്ഡ് ഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ (എൻ. എച്ച്. എഫ്. ഡി. സി ) വായ്പ<br><br>9. ഭിന്നശേഷിക്കാരായ എസ്. എസ്. എൽ . സി , പ്ലസ് 2 വിദ്യാർത്ഥികൾക്ക് പ്രൊഫിഷ്യൻസി അവാർഡ്<br><br>10. ഗുരുതരമായ ഭിന്നശേഷിത്വമുള്ള കുട്ടികൾക്ക് വേണ്ടി സ്ഥിര നിക്ഷേപ പദ്ധതി<br><br>11. പാറശ്ശാലയിലെ (സാഫല്യം) വയോജന പരിചരണ കേന്ദ്രം |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത പദ്ധതികളിലൂടെ എത്ര ഗുണഭോക്താക്കൾക്ക് സഹായം ലഭ്യമാക്കിയിട്ടുണ്ട്; വിശദാംശം നൽകാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന ഭിന്നശേഷിക്കാരായ വ്യക്തികളുടെ ക്ഷേമത്തിനായി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളിലൂടെ ഗുണഭോക്താക്കൾക്ക് താഴെ പറയുന്നതിൻ പ്രകാരം സഹായം ലഭ്യമാക്കിയിട്ടുണ്ട്.<br><br>1. ഭിന്നശേഷിക്കാർക്കുള്ള സഹായ ഉപ കരണങ്ങൾ സൗജന്യമായി 1855 പേർ ക്ക് വിതരണം ചെയ്തു. 356.68 ലക്ഷം/- രൂപ ഇതിനായി ചെലവഴിച്ചു.<br><br>2. സ്വന്തമായി സൈഡ് വീൽ സ്കൂട്ടർ<br><br>വാങ്ങിയ 61 പേർക്ക് സൈഡ് വീൽ ഘ ടിപ്പിക്കുന്നതിന് 9.07 ലക്ഷം/- രൂപ സ ബ്സിഡിയായി വിതരണം ചെയ്തു.<br><br>3. ദേശസാത്കൃത ബാങ്കുകളിൽ നിന്ന്<br><br>കോർപ്പറേഷന്റെ ശിപാർശ അനുസരിച്ച് വായ്പ അനുവദിക്കുന്ന ഭിന്നശേഷിക്കാ ർക്ക് പരമാവധി 1,00,000/- രൂപ വരെ ബാക്ക് എൻഡ് സബ്സിഡി നൽകി വ രുന്നു. ഈ ഇനത്തിൽ 79 പേർക്ക് ആകെ 19. 24 ലക്ഷം/- രൂപ അനുവദിച്ച് ന ൽകി.<br><br>4. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ചുരുങ്ങിയത് 5 പേരെങ്കിലും ഭിന്നശേഷിക്കാരായവരാൽ പ്രവർത്തിക്കപ്പെ ടുന്നവരുടെ സ്വയം സഹായ സംഘങ്ങ ൾക്ക് അനുയോജ്യമായ പദ്ധതികൾ തിരഞ്ഞെടുക്കാനും അത് ആരംഭിക്കുന്ന |

| | | | |
|---|---|---|---|
| | | | തിനുമുള്ള സഹായമായി 20,000/- രൂപ വീതം<br>3 സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചു.<br><br>5. 40% മോ അതിൽ കൂടുതലോ ഭിന്ന<br>ശേഷിത്വമുള്ള ലോട്ടറി ഏജന്റുമാർക്ക്<br><br>സാമ്പത്തിക സഹായം 5000/- രൂപ വീതം<br>അർഹരായ 726 പേർക്ക് 36.275<br><br>ലക്ഷം/- രൂപ അനുവദിച്ചു.<br><br>6. സെക്യൂരിറ്റി കൊടുത്ത് വായ്പ എടുത്ത്<br>സ്വയം തൊഴിൽ ചെയ്യാൻ സാധിക്കാ<br>ത്തവർക്ക് സ്വയം തൊഴിലിന് 25,000/- രൂപ<br>സാമ്പത്തിക സഹായം നൽകുന്ന പദ്ധതി<br>പ്രകാരം 163 പേർക്ക് 40.75 ലക്ഷം/- രൂപ<br>അനുവദിച്ച് നൽകി.<br><br>7. എൻ. എച്ച്.എഫ്.ഡി.സി വായ്പ പദ്ധതി<br>പ്രകാരം 1759 പേർക്ക് 2658 ലക്ഷം/- രൂപ<br>സ്വയംതൊഴിൽ, വിദ്യാഭ്യാസ / വാഹന വായ്പ<br>കുറഞ്ഞ പലിശ നിരക്കിൽ വിതരണം ചെയ്തു.<br>ടി പദ്ധതി പ്രകാരം വായ്പ എടുത്ത ബി.പി.എൽ<br>വിഭാ ഗത്തിൽപ്പെട്ട 131 പേർക്ക് വായ്പാ സബ<br>സിഡിയായി 67.55 ലക്ഷം/- രൂപ അ നുവദിച്ച<br>നൽകി.<br><br>8. എസ്.എസ്.എൽ.സി, പ്ലസ്ടുവിന്<br><br>ബി ഗ്രേഡോ അതിനുമുകളിലോ വിജയം<br>നേടിയ വിദ്യർത്ഥികൾക്ക് പ്രൊഫി ഷ്യൻസി<br>അവാർഡ് 5000/- രൂപ വീതം 1190 പേർക്ക്<br>59.50 ലക്ഷം/-രൂപ അനു വദിച്ചു.<br><br>9. തീവ്രവും അതിതീവ്രവുമായ ഭിന്നശേ<br><br>ഷിക്കാരായ 12വയസ്സിന് താഴെയുള്ള<br><br>കുട്ടികളുടെ പേരിൽ 20,000/- രൂപ വീതം 783<br>പേർക്ക് 156.60 ലക്ഷം/- രൂപ സ്ഥിര<br>നിക്ഷേപം നടത്തി.<br><br>10. പാറശ്ശാലയിൽ പ്രവർത്തിക്കുന്ന<br>ഭിന്നശേഷിക്കാരായ വയോജനങ്ങൾക്ക്<br>വേണ്ടിയുള്ള<br><br>"സാഫല്യം" വൃദ്ധസദന പരിപാലനത്തിന്<br>24,00,000/- രൂപ നൽകി. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം |

വ്യക്തിഗത സാമ്പത്തിക സഹായം നൽകുന്ന ഓരോ പദ്ധതിയിലൂടെയും ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയ തുക സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന ഭിന്നശേഷിക്കാരായ വ്യക്തികളുടെ ക്ഷേമത്തിനായി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളിലൂടെ ഗുണഭോക്താക്കൾക്ക് താഴെ പറയുന്നതിൻ പ്രകാരം സഹായം ലഭ്യമാക്കിയിട്ടുണ്ട്.

1. ഭിന്നശേഷിക്കാർക്കുള്ള സഹായ ഉപ കരണങ്ങൾ വിതരണം- 1855 പേർ ക്ക് 356.68 ലക്ഷം/- രൂപ ചെലവഴിച്ചു.

2. സ്വന്തമായി സൈഡ് വീൽ സ്കൂട്ടർ

വാങ്ങിയ 61 പേർക്ക് സൈഡ് വീൽ ഘ ടിപ്പിക്കുന്നതിന് 9.07 ലക്ഷം/- രൂപ സ ബ്സിഡിയായി വിതരണം ചെയ്തു.

3. ദേശസാത്കൃത ബാങ്കുകളിൽ നിന്ന്

കോർപ്പറേഷന്റെ ശിപാർശ അനുസരിച്ച് വായ്പ അനുവദിക്കുന്ന ഭിന്നശേഷിക്കാ ർക്ക് പരമാവധി 1,00,000/- രൂപ വരെ ബാക്ക് എൻഡ് സബ്സിഡി നൽകി വ രുന്നു. ഈ ഇനത്തിൽ 79 പേർക്ക് ആകെ 19. 24 ലക്ഷം/- രൂപ അനുവദിച്ച് ന ൽകി.

4. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ചുരുങ്ങിയത് 5 പേരെങ്കിലും ഭിന്നശേഷിക്കാരായവരാൽ പ്രവർത്തിക്കപ്പെ ട്ടുന്നവരുടെ സ്വയം സഹായ സംഘങ്ങ ൾക്ക് അനുയോജ്യമായ പദ്ധതികൾ തിരഞ്ഞെടുക്കാനും അത് ആരംഭിക്കുന്ന തിനുമുള്ള സഹായമായി 20,000/- രൂപ വീതം 3 സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചു.

5. 40% മോ അതിൽ കൂടുതലോ ഭിന്ന ശേഷിത്വമുള്ള ലോട്ടറി ഏജന്റുമാർക്ക്

സാമ്പത്തിക സഹായം 5000/- രൂപ വീതം അർഹരായ 726 പേർക്ക് 36.275

ലക്ഷം/- രൂപ അനുവദിച്ചു.

6. സെക്യൂരിറ്റി കൊടുത്ത് വായ്പ എടുത്ത് സ്വയം തൊഴിൽ ചെയ്യാൻ സാധിക്കാ ത്തവർക്ക് സ്വയം തൊഴിലിന് 25,000/- രൂപ സാമ്പത്തിക സഹായം നൽകുന്ന പദ്ധതി പ്രകാരം 163 പേർക്ക് 40.75 ലക്ഷം/- രൂപ അനുവദിച്ച് നൽകി.

7. എൻ. എച്ച്.എഫ്.ഡി.സി വായ്പ പദ്ധതി പ്രകാരം 1759 പേർക്ക് 2658 ലക്ഷം/- രൂപ സ്വയംതൊഴിൽ, വിദ്യാഭ്യാസ / വാഹന വായ്പ കുറഞ്ഞ പലിശ നിരക്കിൽ വിതരണം ചെയ്തു. ടി പദ്ധതി പ്രകാരം വായ്പ എടുത്ത ബി.പി.എൽ വിഭാ ഗത്തിൽപ്പെട്ട 131 പേർക്ക് വായ്പാ

| | | | | |
|---|---|---|---|---|
| | | | | സബ് സിഡിയായി 67.55 ലക്ഷം/- രൂപ അ നുവദിച്ചു നൽകി.<br><br>8. എസ്.എസ്.എൽ.സി, പ്ലസ്ടുവിന്<br><br>ബി ഗ്രേഡോ അതിനുമുകളിലോ വിജയം നേടിയ വിദ്യർത്ഥികൾക്ക് പ്രൊഫി ഷ്യൻസി അവാർഡ് 5000/- രൂപ വീതം 1190 പേർക്ക് 59.50 ലക്ഷം/-രൂപ അനു വദിച്ചു.<br><br>9. തീവ്രവും അതിതീവ്രവുമായ ഭിന്നശേ<br><br>ഷിക്കാരായ 12വയസ്സിന് താഴെയുള്ള<br><br>കുട്ടികളുടെ പേരിൽ 20,000/- രൂപ വീതം 783 പേർക്ക് 156.60 ലക്ഷം/- രൂപ സ്ഥിര നിക്ഷേപം നടത്തി.<br><br>10. പാറശ്ശാലയിൽ പ്രവർത്തിക്കുന്ന ഭിന്നശേഷിക്കാരായ വയോജനങ്ങൾക്ക് വേണ്ടിയുള്ള<br><br>"സാഫല്യം" വൃദ്ധസദന പരിപാലനത്തിന് 24,00,000/- രൂപ നൽകി.<br><br>മേൽപറഞ്ഞ കേരള സംസ്ഥാന വിക<br><br>ലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന<br><br>ഭി ന്നശേഷിക്കാരായ വ്യക്തികൾക്ക് നൽ കുന്ന ധനസഹായങ്ങൾക്ക് പുറമേ സാ മൂഹ്യനീതി ഡറ്റയറക്ടറേറ്റ് മുഖേന ഭിന്ന ശേഷിക്കാരായ വ്യക്തികൾക്ക് വേണ്ടി നടപ്പിലാക്കുന്ന വ്യക്തിഗത സാമ്പത്തി ക സഹായപദ്ധതികളുടെയും ലഭ്യമാക്കിയ സാമ്പത്തിക സഹായങ്ങളുടെയും വിശദാംശം അനുബന്ധം II ആയി ചേ ർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം- 1**

**കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന പദ്ധതികൾ**

## 1. ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ തുടങ്ങിയ ആധുനിക ഉപകരണങ്ങളുടെയും പ്രത്യേക ആവശ്യങ്ങൾക്കുള്ള മറ്റ് സഹായ ഉപകരണങ്ങളുടെയും സൗജന്യ വിതരണം

ഈ പദ്ധതിയനുസരിച്ച് 1,00,000/- രൂപയിൽ താഴെ പ്രതിവർഷ വരുമാനമുള്ള ഭിന്നശേഷിക്കാർക്ക് സഹായോപകരണങ്ങൾ സൗജന്യമായി അനുവദിക്കുന്നു. മൂന്ന് വർഷത്തിലൊരിക്കലാണ് ഭിന്നശേഷിക്കാർക്ക് സഹായോപകരണങ്ങൾ നൽകി വരുന്നത്. ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ് വെയറോടു കൂടിയ ലാപ്ടോപ്പ്, വീൽചെയർ, മൂന്നുവീൽ സൈക്കിൾ, ആർട്ടിഫിഷ്യൽ ലിംബുകൾ, കാലിപ്പർ, ശ്രവണ സഹായി, ഡി.വി.ഡി പ്ലയറുകൾ , കുടലിൽ കാൻസർ ബാധിച്ചവർക്കുള്ള കൊളോസ്റ്റമി ബാഗുകൾ വൈറ്റ്കേയിൻ, കുട്ടികൾക്കുള്ള സി.പി. ചെയറുകള്‍ഞ, വാക്കർ തുടങ്ങി 100 ഓളം ഉപകരണങ്ങൾ കോർപ്പറേഷനിൽ നിന്നും നൽകി വരുന്നു. ഗവൺമെന്റ് ഡോക്ടർമാരുടെ ശുപാർശയോടുകൂടിയ നിശ്ചിത അപേക്ഷാഫോറ്ത്തോടൊപ്പം രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോയും റേഷൻ കാർഡ് ഭിന്നശേഷിത്വം തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കേണ്ടതാണ്.

**നിബന്ധനകൾ**

- കേരളത്തിൽ സ്ഥിര താമസക്കാരനായിരിക്കണം
- 40%-മോ അതിന് മുകളിലോ ഭിന്നശേഷിത്വം ഉണ്ടായിരിക്കണം
- വാർഷിക വരുമാനം 1,00,000/- രൂപ വരെ (വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ് ) എൻഹാൻഡ്സ് സോഫ്റ്റ്വെയറോടുകൂടിയ ലാപ്പ്ടോപ്പ്, സൈഡ് വീൽ സ്കൂട്ടർ എന്നിവ എട്ട് വർഷത്തിലൊരിക്കലും സഹായ ഉപകരണങ്ങൾ മൂന്ന് വർഷത്തിലൊരിക്കലും മാത്രം (12 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് വർഷത്തിലൊരിക്കൽ)

## 2. ട്രൈസ്കൂട്ടർ വിതരണം

നിർദ്ദിഷ്ട അപേക്ഷാ ഫോറത്തിൽ താഴെപ്പറയുന്ന നിബന്ധനകൾ പ്രകാരം അപേക്ഷ സമർപ്പിക്കാവുന്നതാണ്

**നിബന്ധനകൾ**

- 18 വയസ്സിന് മുകളിൽ പ്രായം
- 40-ഉം അതിന് മുകളിലും ശതമാനമുള്ള ചലന പരിമിതി
- ഒരു ലക്ഷത്തിൽ കുറഞ്ഞ വാർഷിക വരുമാനം
- സർക്കാർ ഉദ്യോഗം ഇല്ലാതിരിക്കുക എന്നിവ അടിസ്ഥാന യോഗ്യത (Elgibility Criteria) ആയിരിക്കും
- ലോക്കോമോട്ടോർ ഡിസബിലിറ്റി വിഭാഗത്തിൽ ചലന പരിമിതി നേരിടുന്നവരുടെ ചലന

സ്വാതന്ത്ര്യം ഉറപ്പ് വരുത്താൻ മാത്രമാണ് ഈ പദ്ധതി മറ്റ് ഒരു ഭിന്ന ശേഷിക്കാരേയും ഈ പദ്ധതിയിൽ പരിഗണിക്കുന്നതല്ല

- Eligibility Criteria meet ചെയ്യുന്ന വനിതകൾക്കും എസ്.റ്റി വിഭാഗത്തിൽപ്പെട്ടവർക്കും ഏറ്റവും പ്രഥമ പരിഗണന

## 3. മോട്ടോറൈസ്ഡ് മുച്ചക്രവാഹനങ്ങൾക്കുള്ള സബ്സിഡി

മോട്ടോറൈസ്ഡ് ട്രൈസൈക്കിൾ വാങ്ങി സൈഡ് വീൽ ഘടിപ്പിക്കുന്നതിനായി ഭിന്നശേഷിത്വമുള്ള വിദ്യാർത്ഥികൾക്കും സ്വയം തൊഴിൽ ചെയ്യുന്നവർക്കും 15,000/- രൂപ വരെ സബ്സിഡിയായി നൽകുന്നു. (ബിൽ തുക പരമാവധി 15,000/- രൂപ) നിശ്ചിത അപേക്ഷഫോറത്തോടൊപ്പം സ്കൂട്ടർ വാങ്ങി സൈഡ് വീൽ ഫിറ്റ് ചെയ്ത ബിൽ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് 40% വും അതിൽ കൂടുതലോ ഭിന്നശേഷിത്വമുണ്ടെന്നുള്ള മോഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ 1, 2 പേജുകളുടെ കോപ്പി, വാഹനം ഇൻഷ്വർ ചെയ്ത സർട്ടിഫിക്കറ്റിന്റെ കോപ്പി, വാഹനത്തിന്റെ നമ്പർ കാണത്തക്കവിധം അപേക്ഷകൻ ഇരുന്നെടുത്ത ഫോട്ടോ, ലൈസൻസ്/ലേണേഴ്സ് ലൈസൻസ്, വില്ലേജാഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ് എന്നിവ സമർപ്പിക്കേണ്ടതാണ്.

## 4. സ്വയം തൊഴിൽ പദ്ധതി (ബാങ്ക് വായ്പ സബ്സിഡി)

സ്വയം തൊഴിൽ പദ്ധതിയിൻ കീഴിൽ വിവിധ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിത്വമുള്ളവർക്ക് കോർപ്പറേഷൻ സംസ്ഥാനത്തെ വിവിധ വാണിജ്യ ബാങ്കുകളിലൂടെ വായ്പ ലഭ്യമാക്കി വരുന്നു. ഈ പദ്ധതിക്ക് കോർപ്പറേഷൻ സബ്സിഡി നൽകുന്നു. ലോൺ തുക 20,000/- രൂപ വരെ ലോൺ തുകയുടെ 50% (പരമാവധി 5000/- രൂപ) സബ്സിഡിയായും ലോൺ തുക 20,001/- മുതൽ 50,000/- രൂപ വരെ ലാൺ തുകയുടെ 30% സബ്സിഡിയായും ലോൺ തുക 50,000/- മുതൽ 1,00,000/- രൂപ വരെ ലോൺ തുകയുടെ 25% (മിനിമം 15,000/- രൂപ) സബ്സിഡിയായും, ലോൺ തുക ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ ലോൺ തുകയുടെ 20% (മാക്സിമം ഒരു ലക്ഷം രൂപ വരെ) സബ്സിഡിയായും നൽകുന്നു. ആയതിലേയ്ക്കായി കോർപ്പറേഷൻ അപേക്ഷകനാവശ്യപ്പെടുന്ന സർവ്വീസ് ഏര്യാ ബാങ്കിലേയ്ക്ക് അപേക്ഷ ശുപാർശ ചെയ്യുന്നു. ഇതിനായി പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷാ ഫോറത്തോടൊപ്പം 40% ത്തിനു മുകളിൽ ഭിന്നശേഷിത്വം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ കോപ്പി, റേഷൻ കാർഡിന്റെ 1, 2 പേജുകളുടെ ഫോട്ടോ കോപ്പി, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഹാജരാക്കേണ്ടതാണ്.

## 5. സ്വയം സഹായ സംഘങ്ങളുടെ പരിപോഷണം

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭിന്നശേഷിക്കാരാൽ പ്രവർത്തിക്കപ്പെടുന്ന സ്വയം സഹായ സംഘങ്ങൾക്ക് അനുയോജ്യമായ മൈക്രോ പ്രോജക്ടുകൾ തെരഞ്ഞെടുക്കാനും അതരാംഭിക്കാനുമായി 20,000/- രൂപ ധനസഹായം കോർപ്പറേഷൻ നല്കി വരുന്നു. സംഘത്തിൽ കുറഞ്ഞത് 5 ഭിന്നശേഷിക്കാരായ അംഗങ്ങളെങ്കിലും ഉണ്ടായിരിക്കണം. തദ്ദേശ സ്ഥാപനങ്ങൾ / കുടുംബശ്രീകൾ മുഖേന രജിസ്റ്റർ ചെയ്തതായിരിക്കണം.

## 6. ഭിന്നശേഷിക്കാരായ ലോട്ടറി ഏജന്റുമാർക്കുള്ള സാമ്പത്തിക സഹായം

ഭിന്നശേഷിക്കാരായ ലോട്ടറി ഏജന്റുമാർക്ക് ധനസഹായമായി 5000/- രൂപ അനുവദിക്കുന്നു.

**നിബന്ധനകൾ**

- 18 വയസ്സിന് മുകളിൽ പ്രായം
- 40-ഉം അതിന് മുകളിലും ശതമാനമുള്ള ഭിന്നശേഷിത്വം
- ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനം
- ലോട്ടറി വകുപ്പിൽ നിന്നുള്ള ലൈസൻസും പുതിയ ഏജൻസി സർട്ടിഫിക്കറ്റ്
- പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഹാജരാക്കേണ്ടതാണ്

## 7. സ്വയം തൊഴിലിന് വായ്പ ലഭിക്കുന്നതിന് ഈട് നൽകാൻ കഴിവില്ലാത്തവർക്ക് സ്വയം തൊഴിലിന് സാമ്പത്തിക സഹായം

സ്വയം തൊഴിൽ വായ്പയ്ക്കായി ഈട് നൽകാൻ സ്വന്തമായി വസ്തുവോ വീടോ ഇല്ലാത്ത ഭിന്നശേഷികാകർക്ക് 25,000/- രൂപ നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്നു.

**മാനദണ്ഡങ്ങൾ**

- കേരളത്തിൽ സ്ഥിര തമാസക്കാരനായിരിക്കണം
- 40% മോ അതിന് മുകളിലോ ഭിന്നശേഷിത്വം ഉണ്ടായിരിക്കണം
- വാർഷിക വരുമാനം 1,00,000/-രൂപ വരെ (വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ്)
- ഗുരുതരമായ ഭിന്നശേഷിത്വമുള്ളവർ, വിധവകൾ, ഗുരുതരമായ അസുഖം ബാധിച്ച വൃദ്ധർ, 14 വയസ്സിന് താഴെ മാനസിക വൈകല്യമുള്ള കുട്ടികളുടെ രക്ഷകർത്താക്കൾ എന്നിവർക്ക് മുൻഗണന
- സ്വന്തമായി വസ്തുവോ വീടോ ഇല്ല എന്ന വില്ലേജ് ആഫീസറുടെ സാക്ഷ്യപത്രം

## 8. എൻ. എച്ച്. എഫ്. ഡി. സി വായ്പ

നാഷണൽ ഹാൻഡിക്കാപ്ഡ് ഫിനാൻസ് ആന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ വായ്പ പദ്ധതി നടപ്പിലാക്കുന്ന കേരളത്തിലെ സ്റ്റേറ്റ് ചാനലിംഗ് ഏജൻസിയാണ് ഈ കോർപ്പറേഷൻ. സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി (എസ്. സി. എ) യെന്ന നിലയിൽ 2000 മുതൽ നാഷണൽ ഹാൻഡിക്ക്യാപ്ഡ് ഫിനാൻസ് ആന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ പദ്ധതി പ്രകാരമുള്ള സ്വയം തൊഴിൽ വിദ്യാഭ്യാസ വാഹന വായ്പകൾ കോർപ്പറേഷൻ വിതരണം ചെയ്തു വരുന്നു. 50,000/- രൂപയ്ക്ക് മുകളിൽ അനുവദിക്കുന്ന വായ്പയുടെ 5 ശതമാനം എസ്. സി. എ ഷെയർ എന്ന നിലയ്ക്ക് കോർപ്പറേഷൻ നൽകുന്നു.

| തുക | പലിശ |
|---|---|
| 50,000/- രൂപ വരെ | 5% |
| 50,000- 5,00,000/- രൂപ വരെ | 6% |

| | |
|---|---|
| 5,00,000- 15,00,000/- രൂപ വരെ | 7% |
| 15,00,000- 25,00,000/- രൂപ വരെ | 8% |

( 50,000/- രൂപ വരെയുള്ള വായ്പയ്ക്ക് കാഴ്ച, കേൾവി, ബൗദ്ധിക വെല്ലുവിളി നേരിടുന്നവർക്ക് 1% പലിശയിളവ്)

## 9. ഭിന്നശേഷിക്കാരായവർക്ക് എസ്.എസ്.എൽ.സി, പ്ലസ് 2 വിദ്യാർത്ഥികൾക്ക് പ്രൊഫിഷ്യൻസി അവാർഡ്

40 ശതമാനമോ അതിന് മുകളിലോ ഭിന്നശേഷിത്വമുള്ളവരും, വാർഷിക വരുമാനം ഒരു ലക്ഷംം രൂപയിൽ താഴോ ഉള്ളവരുമായ എസ്.എസ്.എൽ. സി, പ്ലസ് ടു പരീകഷകളിൽ ബി ഗ്രേഡോ അതിന് മുകളിലോ മാർക്ക് വാങ്ങി ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് 5,000/- രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നു. (ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന വിഭാഗത്തിന് മാർക്ക് നിബന്ധനയില്ല)

## 10. ഗുരുതരമായ ഭിന്നശേഷനിത്വമുള്ള കുട്ടികൾക്ക് വേണ്ടി സ്ഥിര നിക്ഷേപ പദ്ധതി

ഗുരുതര ഭിന്നശേഷിയുള്ള കുട്ടികളുടെ പേരിൽ 20,000/- രൂപ വരെ 18 വയസ്സ് വരെം സ്ഥിര നിക്ഷേപം നടത്തുന്നു. ഈ പദ്ധതിയുടെ പ്രധാനഘടകങ്ങൾ ഇവയാണ്.

**യോഗ്യത**

1. 50 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിത്വമുള്ളവർ
2. പ്രതിവർഷ കുടുംബ വരുമാനം 1,00,000/- രൂപ വരെ
3. പ്രായപരിധി-ല നവജാതശിശു മുതൽ 12 വയസ്സ് വരെ
4. ട്രസ്റ്റി- കോർപ്പറേഷൻ
5. ഫണ്ട് റിലീസ് - 18 വയസ്സിന് ശേഷമോ അത്യാവശ്യ ഘട്ടങ്ങളിലോ

## 11. പാറശ്ശാലയിലെ (സാഫല്യം) വയോജന പരിചരണ കേന്ദ്രം

50 വയസ്സിന് മുകളിൽ പ്രായമുള്ള കിടപ്പ് രോഗികളല്ലാത്ത ഭിന്നശേഷികാകരായ വയോജനങ്ങളെ താമസിപ്പിക്കുന്നതിനും, പരിപാലിക്കുന്നതിനും ആധുനിക സജ്ജീകരണങ്ങളോടുകൂടിയ (സാഫല്യം) എന്ന പേരിൽ ഒരു പരിചരണകേന്ദ്രം തിരുവനന്തപുരം ജില്ലാ പഞ്ചായത്തും വികലാംഗക്ഷേമ കോർപ്പറേഷനും, സ്നേഹം പാലിയേറ്റീവ് കെയറും സംയുക്തമായി പാറശ്ശാലയിൽ നടത്തി വരുന്നു. ഇവിടെ സ്ത്രീകളും പുരുഷൻമാരുമായി 40 പേരെ സംരക്ഷിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

**അനുബന്ധം : II**

**സാമൂഹ്യനീതി വകുപ്പ് മുഖേന ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് വേണ്ടി നടപ്പിലാക്കി വരുന്ന വ്യക്തിഗത സാമ്പത്തിക സഹായ പദ്ധതികൾ**

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2021-2022, 2022-2023 സാമ്പത്തിക വർഷങ്ങളിൽ ഭിന്നശേഷിക്കാർക്കായി വിവിധ വ്യക്തിഗത ഗുണഭോക്ത പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളെ സംബന്ധിച്ച വിവരങ്ങളും പദ്ധതികൾക്കായി ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങളും ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | വിശദാംശം |
|---|---|---|
| 1 | വിദ്യാകിരണം | 40%മോ അതിന് മുകളിലോ ഭിന്നശേഷിക്കാരായ രക്ഷകർത്താക്കളുടെ (മാതാവ്/പിതാവ്/രണ്ടു പേരും) മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി. ഒന്നാം ക്ലാസ് മുതൽ ഡിഗ്രി, പി.ജി, പോളിടെക്നിക്ക് വരെയുള്ള വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ് |
| 2 | വിദ്യാജ്യോതി | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒൻപതാം ക്ലാസ്സ് മുതൽ പിജി തലം വരെയുള്ള ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ, യൂണിഫോം എന്നിവയ്ക്കുള്ള ധനസഹായം |
| 3 | പരിണയം | സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ പെൺമക്കളുടെ വിവാഹത്തിനും ഭിന്നശേഷിക്കാരായ പെൺകുട്ടികളുടെ വിവാഹത്തിനും |

| | | |
|---|---|---|
| | | ധനസഹായം അനുവദിക്കുന്ന പദ്ധതി |
| 4 | സ്വാശ്രയ പദ്ധതി | ഭർത്താവ് ഉപേക്ഷിച്ചതോ/ മരണപ്പെട്ടതോ ആയതും തീവ്രശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളെ സംരക്ഷിക്കേണ്ടിവരുന്നതുമായ മാതാവിന് രക്ഷിതാവിന് (സ്ത്രീകൾ) സ്വയം തൊഴിൽ ചെയ്യുന്നതിന് ഒറ്റത്തവണ ധനസഹായം അനുവദിക്കുന്നു. |
| 5 | വിജയാമൃതം | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളിൽ ബിരുദം/തത്തുല്യ കോഴ്സുകൾ, ബിരുദാനന്തര ബിരുദം / പ്രൊഫഷണൽ ബിരുദം വിഭാഗങ്ങളിൽ ഉന്നത വിജയം കരസ്ഥമാക്കിയവർക്ക് ധനസഹായം നൽകുന്ന പദ്ധതി |
| 6 | മാതൃജ്യോതി പദ്ധതി | ഭിന്നശേഷി അവകാശ നിയമം, 2016 പരിധിയിൽ ഉൾപ്പെട്ടിട്ടുള്ള ഭിന്നശേഷിക്കാരായ അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിനും അടിസ്ഥാന സാകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള ധനസഹായ പദ്ധതി. ഒരാൾക്ക് പരമാവധി 2 തവണ മാത്രമേ ആനുകൂല്യം അനുവദിക്കുകയുള്ളു |
| 7 | വിദൂര വിദ്യാഭ്യാസ ധനസഹായം | വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോകാൻ കഴിയാതെ വീട്ടിൽ തന്നെ പഠനം നടത്തുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ഓപ്പൺ സ്കൂൾ/ കോളേജ്, വിദൂര വിദ്യാഭ്യാസം മുഖേന ഡിഗ്രി തലത്തിലും വിദ്യാഭ്യാസം ചെയ്യുന്നതിന് ഒരു വർഷം വരെ ധനസഹായം |

| | | |
|---|---|---|
| | | നൽകുന്ന പദ്ധതി |
| 8 | പരിരക്ഷാ പദ്ധതി | അടിയന്തിര സാഹചര്യം നേരിടേണ്ടി വരുന്ന ഭിന്നശേഷിക്കാർക്ക് ആയത് അതിജീവിക്കുന്നതിനും സമൂഹത്തിൽ അവർ ഒറ്റയ്ക്കല്ല എന്ന വിശ്വാസം ഉണ്ടാക്കിയെടുക്കുന്നതിനും സർക്കാരിന്റെ/ വകുപ്പിന്റെ മറ്റ് പദ്ധതികളിലൊന്നും ഉൾപ്പെടുത്താൻ കഴിയാത്തതും വളരെ പരിതാപകരമായ അവസ്ഥയിലുള്ള ഭിന്നശേഷിക്കാർക്കും ഒന്നിൽ കൂടുതൽ ഭിന്നശേഷിക്കാരായ വ്യക്തികൾ ഉള്ള, കുടുംബങ്ങൾക്കും ധനസഹായം അനുവദിക്കുന്ന പദ്ധതി |
| 9 | സഹചാരി | ഗവൺമെന്റ്, എയ്ഡഡ്, പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളെ പഠന കാര്യത്തിലും മറ്റ് പ്രവർത്തനങ്ങളിലും സഹായിക്കുന്നതും വിദ്യാഭ്യാസ സ്ഥാപനത്തിന് പുറത്തും ഭിന്നശേഷിക്കാർക്കായി നടത്തുന്ന മെഡിക്കൽ ക്യാമ്പുകളിലും മറ്റ് പരിപാടികളിലും സഹായിക്കുന്നതുമായ എൻ. എസ്. എസ്/ എൻ.സി.സി/ എസ്.പി.സി യൂണിറ്റുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി |

| | | |
|---|---|---|
| 10 | ഇംപ്രസ്റ്റ് മണി | പൊതുസ്ഥലങ്ങളിൽ ഉപേക്ഷിക്കപ്പെടുന്ന അനാഥരുടേയും അശരണരുടേയും പുനരധിവാസം ഉറപ്പാക്കൽ, ഇവർക്ക് അടിയന്തര സഹായം ഉൾപ്പെടെ നല്കുന്നതിനായി രൂപീകരിച്ചിട്ടുള്ള പദ്ധതി |
| 11 | വികലാംഗ ദുരിതാശ്വാസ നിധി | ഭിന്നശേഷിക്കാർക്ക് ചികിത്സയിലാണെന്ന് ബന്ധപെട്ട ഡോക്ടർ നൽകുന്ന സാക്ഷ്യപത്രം ഹാജരാക്കുന്ന ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് ഒറ്റത്തവണ ധനസഹായം അനുവദിക്കുന്നു. |
| 12 | ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 40% യോഗ്യതാ മാർക്കുള്ള ഒന്നാം ക്ലാസ് മുതൽ പ്രൊഫഷണൽ പി.ജി കോഴ്സുകൾ വരെ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി |

മേൽപറഞ്ഞ പദ്ധതികൾക്കായി അനുവദിച്ച/ ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ

| ക്രമ നം | പദ്ധതി | ചെലവഴിച്ച തുക 2021-22 | ചെലവഴിച്ച തുക 2022-23 |
|---|---|---|---|
| 1 | വിദ്യാകിരണം | 2,29,71,000/- | 3,00,73,150/- |
| 2 | വിദ്യാജ്യോതി | 9.24,104/- | 4,01,685/- |
| 3 | പരിണയം | 3,16,20,000/- | 1,56,00,000/- |
| 4 | സ്വാശ്രയ പദ്ധതി | 42,00,000/- | 17,10,000/- |
| 5 | വിജയാമൃതം | 2,69,954/- | 3,09,139/- |
| 6 | മാതൃജ്യോതി പദ്ധതി | 10,92,162/- | 21,85,031/- |
| 7 | വിദൂര വിദ്യാഭ്യാസ ധനസഹായം | 41,390/- | 4,205/- |
| 8 | പരിരക്ഷാ പദ്ധതി | 8,94,220/- | 15,33,199/- |
| 9 | സഹചാരി | 1,12,096/- | 1,54,060/- |

| | | | |
|---|---|---|---|
| 10 | ഇംപ്രസ്റ്റ് മണി | 1,79,078/- | 1,32,583/- |
| 11 | വികലാംഗ ദുരിതാശ്വാസ നിധി | 11,59,000/- | - |
| 12 | ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 9,13,500/- | 2,45,000/- |
| | **ആകെ** | **6,43,76,504/-** | **5,23,48,052/-** |

## വിശദീകരണകുറിപ്പ്

**1. ഹൈടെക് ലിംബ്. ഇലക്ട്രോണിക് വീൽചെയർ തുടങ്ങിയ ആധുനിക ഉപകരണങ്ങളുടെയും പ്രത്യേക ആവശ്യങ്ങൾക്കുള്ള മറ്റ് സഹായ ഉപകരണങ്ങളുടെയും സൗജന്യ വിതരണം**

ഈ പദ്ധതിയനുസരിച്ച് 1,00,000/- രൂപയിൽ താഴെ പ്രതിവർഷ വരുമാനമുള്ള ഭിന്നശേഷിക്കാർക്ക് സഹായോപകരണങ്ങൾ സൗജന്യമായി അനുവദിക്കുന്നു. മൂന്ന് വർഷത്തിലൊരിക്കലാണ് ഭിന്നശേഷിക്കാർക്ക് സഹായോപകരണങ്ങൾ നൽകി വരുന്നത്. ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ് വെയറോട്ടുകൂടിയ ലാപ്ടോപ്, വീൽചെയർ, മൂന്നുവീൽ സൈക്കിൾ, ആർട്ടിഫിഷ്യൽ ലിംബുകൾ, കാലിപ്പർ, ശ്രവണ സഹായി, ഡി.വി.ഡി.പ്ലേയറുകൾ, കുടലിൽ ക്യാൻസർ ബാധിച്ചവർക്കുള്ള കൊളോസ്റ്റമീ ബാഗുകൾ, വൈറ്റ്കെയിൻ, കുട്ടികൾക്കുള്ള സി.പി.ചെയറുകൾ, വാക്കർ തുടങ്ങി 100 ഓളം ഉപകരണങ്ങൾ കോർപ്പറേഷനിൽ നിന്നും നൽകി വരുന്നു. ഗവൺമെൻറ് ഡോക്ടർമാരുടെ ശുപാർശയോടുകൂടിയ നിശ്ചിത അപേക്ഷാഫോറത്തോടൊപ്പം രണ്ട് പാസ്സ്പോർട്ട് സൈസ് ഫോട്ടോയും റേഷൻ കാർഡ്, ഭിന്നശേഷിത്വം തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിക്കിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കേണ്ടതാണ്.

**നിബന്ധനകൾ**

- കേരളത്തിൽ സ്ഥിര താമസക്കാരനായിരിക്കണം.
- 40% -മോ അതിന് മുകളിലോ ഭിന്നശേഷിത്വം ഉണ്ടായിരിക്കണം.

- വാർഷിക വരുമാനം 1,00,000/-രൂപ വരെ (വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ്)
- ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ് വെയറോടു കൂടിയ ലാപ്പോപ്പ്, സൈഡ് വീൽ സ്കൂട്ടർ എന്നിവ എട്ട് വർഷത്തിലൊരിക്കലും സഹായ ഉപകരണങ്ങൾ മൂന്ന് വർഷത്തിലൊരിക്കലും മാത്രം. (12 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് വർഷത്തിലൊരിക്കൽ)

<u>**2. ട്രൈസ്കൂട്ടർ വിതരണം –**</u> നിർദ്ദിഷ്ട അപേക്ഷാ ഫോറത്തിൽ താഴെപ്പറയുന്ന നിബന്ധനകൾ പ്രകാരം അപേക്ഷ സമർപ്പിക്കാവുന്നതാണ്.

<u>**നിബന്ധനകൾ**</u>

- 198 വയസ്സിന് മുകളിൽ പ്രായം,
- 40-ഉം അതിന് മുകളിലും ശതമാനമുള്ള ചലന പരിമിതി,
- ഒരു ലക്ഷത്തിൽ കുറഞ്ഞ വാർഷിക വരുമാനം,
- സ്വർക്കാർ ഉദ്യോഗം ഇല്ലാതിരിക്കുക
- ലോക്കോമോട്ടോർ ഡിസബിലിറ്റി വിഭാഗത്തിൽ ചലന പരിമിതി നേരിടുന്നവരുടെ ചലനസ്വാതന്ത്ര്യം ഉറപ്പ് വരുത്താൻ മാത്രമാണ് ഈ പദ്ധതി. മറ്റ് ഒരു ഭിന്ന ശേഷിക്കാരേയും ഈ പദ്ധതിയിൽ പരിഗണിക്കുന്നതല്ല.
- eligibility criteria meet ചെയ്യുന്ന വനിതകൾക്കും, എസ്.റ്റി. വിഭാഗത്തിൽപ്പെട്ടവർക്കും ഏറ്റവും പ്രഥമ പരിഗണന.
-

<u>**3. മോട്ടോറൈസ്ഡ് വാഹനങ്ങൾക്കുള്ള സബ്സിഡി**</u>

മോട്ടോറൈസ്ഡ് ട്രൈസൈക്കിൾ വാങ്ങി സൈഡ് വീൽ ഘടിപ്പിക്കുന്നതിനായി ഭിന്നശേഷിത്വമുള്ള വിദ്യാർത്ഥികൾക്കും സ്വയം തൊഴിൽ ചെയ്യുന്നവർക്കും 15,000/- രൂപ വരെ സബ്സിഡിയായി നൽകുന്നു. നിശ്ചിത അപേക്ഷാഫാറത്തോടൊപ്പം സ്കൂട്ടർ വാങ്ങി സൈഡ്‌വീൽ ഫിറ്റ് ചെയ്ത ബിൽ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് 40% വും അതിൽ കൂടുതലോ ഭിന്നശേഷിത്വമുണ്ടെന്നുള്ള മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്, റേഷൻ കാർഡിൻറെ 12 പേജുകളുടെ കോപ്പി, വാഹനം ഇൻഷ്വർ ചെയ്ത സർട്ടിഫിക്കറ്റിൻറെ കോപ്പി, വാഹനത്തിന്റെ

നമ്പർ കാണത്തക്കവിധം അപേക്ഷകൻ ഇരുന്നെടുത്ത ഫോട്ടോ, ലൈസൻസ്/ലേണേഴ്സ് ലൈസൻസ്, വില്ലേജാഫീസർ നൽകുന്ന വരുമാന സർട്ടിക്കിഫിക്കറ്റ് എന്നിവ സമർപ്പിക്കേണ്ടതാണ്.

## 4. സ്വയം തൊഴിൽ പദ്ധതി (ബാങ്ക് വായ്പ സബ്സിഡി)

സ്വയം തൊഴിൽ പദ്ധതിയിൻ കീഴിൽ വിവിധ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിത്വമുള്ളവർക്ക് കോർപ്പറേഷൻ സംസ്ഥാനത്തെ വിവിധ വാണിജ്യ ബാങ്കുകളിലൂടെ വായ്പ ലഭ്യമാക്കി വരുന്നു. ഈ പദ്ധതിക്ക് കോർപറേഷൻ സബ്സിഡി നൽകുന്നു. ലോൺ തുക 20,000/- രൂപവരെ ലോൺ തുകയുടെ 50% (പരമാവധി 5000/- രൂപ) സബ്സിഡിയായും ലോൺ തുക 20,001/- മുതൽ 20,000/- രൂപവരെ ലോൺ തുകയുടെ 30% സബ്സിഡിയായും ലോൺ തുക 50,001/- മുതൽ 1,00,000/- രൂപവരെ ലോൺ തുകയുടെ 25% (മിനിമം 15,000/- രൂപ) സബ്സിഡിയായും, ലോൺ തുക ഒരു ലക്ഷം രൂപയ്ക്കു മുകളിൽ ലോൺ തുകയുടെ 20% (മാക്സിമം ഒരു ലക്ഷം രൂപ വരെ) സബ്സിഡിയായും നൽകുന്നു. ഇതിലേയ്ക്കായി കോർപ്പറേഷൻ അപേക്ഷകനാവശ്യപ്പെടുന്ന സർവ്വീസ് ഏരിയാ ബാങ്കിലേയ്ക്ക് അപേക്ഷ ശുപാർശ ചെയ്യുന്നു. ഇതിനായി പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷാ ഫോാറത്തോടൊപ്പം 40% ത്തിനു മുകളിൽ ഭിന്നശേഷിത്വം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ കോപ്പി, റേഷൻ കാർഡിൻറെ 12 പേജുകളുടെ ഫോട്ടോ കോപ്പി, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഹാജരാക്കേണ്ടതാണ്.

## 5. സ്വയം സഹായ സംഘങ്ങളുടെ പരിപോഷണം.

സംസ്ഥാനത്തിൻറെ വിവിധ ഭാഗങ്ങളിൽ ഭിന്നശേഷിക്കാരാൽ പ്രവർത്തിപ്പിക്കപ്പെടുന്ന സ്വയം സഹായ സംഘങ്ങൾക്ക് അനുയോജ്യമായ മൈക്രോ പ്രോജക്ടുകൾ തെരഞ്ഞെടുക്കാനും അതാരംഭിക്കാനുമായി 20,000/- രൂപ ധനസഹായം കോർപ്പറേഷൻ നല്കിവരുന്നു. സംഘത്തിൽ കുറഞ്ഞത് 2 ഭിന്നശേഷിക്കാരായ അംഗങ്ങളെങ്കിലും ഉണ്ടായിരിക്കണം. തദ്ദേശ സ്ഥാപനങ്ങൾ./കുടുംബശ്രീകൾ മുഖേന രജിസ്റ്റർ ചെയ്യതായിരിക്കണം..

## 6. ഭിന്നശേഷിക്കാരായ ലോട്ടറി ഏജൻറുമാർക്കുള്ള സാമ്പത്തിക സഹായം

ഭിന്നശേഷിക്കാരായ ലോട്ടറി ഏജൻറുമാർക്ക് ധനസഹായമായി 5000/- രൂപ അനുവദിക്കുന്നു.

**നിബന്ധനകൾ**

- 19 വയസ്സിന് മുകളിൽ പ്രായം,
- 40–ഉം അതിന് മുകളിലും ശതമാനമുള്ള ഭിന്നശേഷിത്വം
- ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനം,
- ലോട്ടറി വകുപ്പിൽ നിന്നുള്ള ലൈസൻസും, പുതിയ ഏജൻസി സർട്ടിഫിക്കറ്റ്
- പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഹാജരാക്കേണ്ടതാണ്.

**7 . സ്വയം തൊഴിലിന് വായ്പ ലഭിക്കുന്നതിന് ഈട് നൽകാൻ കഴിവില്ലാത്തവർക്ക് സ്വയം തൊഴിലിന് സാമ്പത്തിക സഹായം.**

സ്വയം തൊഴിൽ വായ്പക്കായി ഈട് നൽകാൻ സ്വന്തമായി വസ്തുവോ വീടോ ഇല്ലാത്ത ഭിന്നശേഷിക്കാർക്ക് 25000/– രൂപ നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്നു.

**മാനദണ്ഡങ്ങൾ**

- കേരളത്തിൽ സ്ഥിര താമസക്കാരനായിരിക്കണം.
- 40% –മോ അതിന് മുകളിലോ ഭിന്നശേഷിത്വം ഉണ്ടായിരിക്കണം.
- വാർഷിക വരുമാനം 1,00,000/–രൂപ വരെ (വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ്)
- ഗുരുതരമായ ഭിന്നശേഷിത്വമുള്ളവർ, വിധവകൾ, ഗുരുതരമായ അസുഖം ബാധിച്ച വൃദ്ധർ, 14 വയസ്സിന് താഴെ മാനസിക വൈകല്യമുള്ള കുട്ടികളുടെ രക്ഷകർത്താക്കൾ എന്നിവർക്ക് മുൻഗണന.
- സ്വന്തമായി വസ്തുവോ വീടോ ഇല്ല എന്ന വില്ലേജ് ആഫീസറുടെ സാക്ഷ്യപത്രം.

**8. നാഷണൽ ഹാൻഡിക്കാപ്ഡ് ഹിനാൻസ് ആൻറ് ഡവലപ്മെൻറ് കോർപ്പറേഷൻ (എൻ.എച്ച്. എഫ്.ഡി.സി) വായ്പ**

നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ആൻറ് ഡവലപ്മെൻറ് കോർപ്പറേഷന്റെ വായ്പ

പദ്ധതി നടപ്പിലാക്കുന്ന കേരളത്തിലെ സ്റ്റേറ്റ് ചാനലിംഗ് ഏജൻസിയാണ് ഈ കോർപ്പറേഷൻ. സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി (എസ്.സി.എ) യെന്നനിലയിൽ, 2000 മുതൽ നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ആൻറ് ഡവലപ്മെൻറ് കോർപ്പറേഷന്റെ പദ്ധതി പ്രകാരമുള്ള സ്വയംതൊഴിൽ, വിദ്യാഭ്യാസ, വാഹന, ഭവന വായ്പകൾ കോർപ്പറേഷൻ വിതരണം ചെയ്തു വരുന്നു. 50,000/- രൂപയ്ക്കു മുകളിൽ അനുവദിക്കുന്ന വായ്പയുടെ 5 ശതമാനം എസ്.സി.എ. ഷെയർ എന്ന നിലക്ക് കോർപ്പറേഷൻ നൽകുന്നു.

| ക്രമ നമ്പർ | തുക | പലിശ |
|---|---|---|
| 1 | 50,000/- രൂപ വരെ | 5% |
| 2 | 50,000- 5,00,000/- രൂപ വരെ | 6% |
| 3 | 5,00,000- 15,00,000/- രൂപ വരെ | 7% |
| 4 | 15,00,000- 25,00,000/- രൂപ വരെ | 8% |
| 5 | 50,000 രൂപ വരെയുള്ള വായ്പയ്ക്ക് കാഴ്ച, കേൾവി ബൗദ്ധിക വെല്ലുവിളി നേരിടുന്നവർക്ക് | 1% പലിശയിളവ് |

.

9. **ഭിന്നശേഷിക്കാരായവർക്ക് എസ്.എസ്.എൽ.സി. , പ്ലസ്-2 വിദ്യാർത്ഥികൾക്ക് പ്രൊഫിഷ്യൻസി അവാർഡ്**

40 ശതമാനമോ അതിന് മുകളിലോ ഭിന്നശേഷിത്വമുള്ളവരും വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെ ഉള്ളവരുമായ എസ്.എസ്.എൽ.സി. പ്ലസ് ടു പരീക്ഷകളിൽ ബി ഗ്രേഡോ അതിന് മുകളിലോ മാർക്ക് വാങ്ങി ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് 5000/- രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നു. (ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന വിഭാഗത്തിന് മാർക്ക് നിബന്ധനയില്ല).

**10. ഗുരുതരമായ ഭിന്നശേഷിത്വമുള്ള കുട്ടികൾക്ക് വേണ്ടി സ്ഥിര നിക്ഷേപ പദ്ധതി**

ഗുരുതര ഭിന്നശേഷിയുള്ള കുട്ടികളുടെ പേരിൽ 20000/ രൂപ 18 വയസ്സ് വരെ സ്ഥിര നിക്ഷേപം നടത്തുന്നു. ഈ പദ്ധതിയുടെ പ്രധാനഘടകങ്ങൾ ഇവയാണ്.

യോഗ്യത :

1. 50 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിത്വമുള്ളവർ.

2. പ്രതിവർഷ കുടുംബ വരുമാനം 1,00,000 രൂപ വരെ

3. പ്രായ പരിധി : നവജാതശിശു മുതൽ 12 വയസ് വരെ.

ട്രസ്റ്റി: കോർപ്പറേഷൻ

ഫണ്ട് റിലീസ് : 18 വയസിന് ശേഷമോ, അത്യാവശ്യ ഘട്ടങ്ങളിലോ.

**11. പാറശാലയിലെ (സാഹല്യം) വയോജന പരിചരണ കേന്ദ്രം**

50 വയസ്സിന് മുകളിൽ പ്രായമുള്ള കിടപ്പ് രോഗികളല്ലാത്ത ഭിന്നശേഷിക്കാരായ വയോജനങ്ങളെ താമസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും ആധുനിക സജ്ജീകരണങ്ങളോട്ടകൂടിയ (സാഫല്യം) എന്ന പേരിൽ ഒരു പരിചരണകേന്ദ്രം തിരുവനന്തപുരം ജില്ലാ പഞ്ചായത്തും വികലാംഗക്ഷേമ കോർപ്പറേഷനും, സ്നേഹം പാലിയേറ്റീവ് കെയറും സംയുക്തമായി പാറശ്ശാലയിൽ നടത്തി വരുന്നു. ഇവിടെ സ്ത്രീകളും, പുരുഷനുമായി 40 പേരെ സംരക്ഷിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന സാമൂഹ്യനീതി വകുപ്പ് മുഖേന ഭിന്നശേഷിക്കാരായ വ്യക്തികളുടെ ക്ഷേമത്തിനായി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ പറയും പ്രകാരമാണ്.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | വിശദാംശം |
|---|---|---|
| 1 | വിദ്യാകിരണം | 40%മോ അതിന് മുകളിലോ ഭിന്നശേഷിക്കാരായ രക്ഷകർത്താക്കളുടെ (മാതാവ്/പിതാവ്/രണ്ടു പേരും) മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി. ഒന്നാം ക്ലാസ് മുതൽ ഡിഗ്രി, പി.ജി, പോളിടെക്നിക്ക് വരെയുള്ള വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ് |
| 2 | വിദ്യാജ്യോതി | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒൻപതാം ക്ലാസ്സ് മുതൽ പിജി തലം വരെയുള്ള |

| | | |
|---|---|---|
| | | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ, യൂണിഫോം എന്നിവയ്ക്കുള്ള ധനസഹായം |
| 3 | പരിണയം | സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ പെൺമക്കളുടെ വിവാഹത്തിനും ഭിന്നശേഷിക്കാരായ പെൺകുട്ടികളുടെ വിവാഹത്തിനും ധനസഹായം അനുവദിക്കുന്ന പദ്ധതി |
| 4 | സ്വാശ്രയ പദ്ധതി | ഭർത്താവ് ഉപേക്ഷിച്ചതോ/ മരണപ്പെട്ടതോ ആയതും തീവ്രശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളെ സംരക്ഷിക്കേണ്ടിവരുന്നതുമായ മാതാവിന് രക്ഷിതാവിന് (സ്ത്രീകൾ) സ്വയം തൊഴിൽ ചെയ്യുന്നതിന് ഒറ്റത്തവണ ധനസഹായം അനുവദിക്കുന്നു. |
| 5 | വിജയാമൃതം | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളിൽ ബിരുദം/തത്തുല്യ കോഴ്സുകൾ, ബിരുദാനന്തര ബിരുദം / പ്രൊഫഷണൽ ബിരുദം വിഭാഗങ്ങളിൽ ഉന്നത വിജയം കരസ്ഥമാക്കിയവർക്ക് ധനസഹായം നൽകുന്ന പദ്ധതി |
| 6 | മാതൃജ്യോതി പദ്ധതി | ഭിന്നശേഷി അവകാശ നിയമം, 2016 പരിധിയിൽ ഉൾപ്പെട്ടിട്ടുള്ള ഭിന്നശേഷിക്കാരായ അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിനും അടിസ്ഥാന സാകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള ധനസഹായ പദ്ധതി. ഒരാൾക്ക് പരമാവധി 2 തവണ |

| | | |
|---|---|---|
| | | മാത്രമേ ആനുകൂല്യം അനുവദിക്കുകയുള്ളൂ |
| 7 | വിദൂര വിദ്യാഭ്യാസ ധനസഹായം | വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോകാൻ കഴിയാതെ വീട്ടിൽ തന്നെ<br>പഠനം നടത്തുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ഓപ്പൺ സ്കൂൾ/ കോളേജ്, വിദൂര വിദ്യാഭ്യാസം മുഖേന ഡിഗ്രി തലത്തിലും വിദ്യാഭ്യാസം ചെയ്യുന്നതിന് ഒരു വർഷം വരെ ധനസഹായം<br>നൽകുന്ന പദ്ധതി |
| 8 | പരിരക്ഷാ പദ്ധതി | അടിയന്തിര സാഹചര്യം നേരിടേണ്ടി വരുന്ന ഭിന്നശേഷിക്കാർക്ക്<br>ആയത് അതിജീവിക്കുന്നതിനും സമൂഹത്തിൽ അവർ ഒറ്റയ്ക്കല്ല എന്ന<br>വിശ്വാസം ഉണ്ടാക്കിയെടുക്കുന്നതിനും സർക്കാരിന്റെ/ വകുപ്പിന്റെ മറ്റ്<br>പദ്ധതികളിലൊന്നും ഉൾപ്പെടുത്താൻ കഴിയാത്തതും വളരെ<br>പരിതാപകരമായ അവസ്ഥയിലുള്ള ഭിന്നശേഷിക്കാർക്കും ഒന്നിൽ<br>കൂടുതൽ ഭിന്നശേഷിക്കാരായ വ്യക്തികൾ ഉള്ള, കുടുംബങ്ങൾക്കും<br>ധനസഹായം അനുവദിക്കുന്ന പദ്ധതി |
| 9 | സഹചാരി | ഗവൺമെന്റ്, എയ്ഡഡ്, പ്രൊഫഷണൽ കോളേജുകൾ<br>ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭിന്നശേഷിക്കാരായ<br>വിദ്യാർത്ഥികളെ പഠന കാര്യത്തിലും മറ്റ് പ്രവർത്തനങ്ങളിലും |

| | | |
|---|---|---|
| | | സഹായിക്കുന്നതും വിദ്യാഭ്യാസ സ്ഥാപനത്തിന് പുറത്തും ഭിന്നശേഷിക്കാർക്കായി നടത്തുന്ന മെഡിക്കൽ ക്യാമ്പുകളിലും മറ്റ് പരിപാടികളിലും സഹായിക്കുന്നതുമായ എൻ. എസ്. എസ്/ എൻ.സി.സി/ എസ്.പി.സി യൂണിറ്റുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി |
| 10 | ഇംപ്രസ്റ്റ് മണി | പൊതുസ്ഥലങ്ങളിൽ ഉപേക്ഷിക്കപ്പെടുന്ന അനാഥരുടേയും അശരണരുടേയും പുനരധിവാസം ഉറപ്പാക്കൽ, ഇവർക്ക് അടിയന്തര സഹായം ഉൾപ്പെടെ നല്കുന്നതിനായി രൂപീകരിച്ചിട്ടുള്ള പദ്ധതി |
| 11 | വികലാംഗ ദുരിതാശ്വാസ നിധി | ഭിന്നശേഷിക്കാർക്ക് ചികിത്സയിലാണെന്ന് ബന്ധപെട്ട ഡോക്ടർ നൽകുന്ന സാക്ഷ്യപത്രം ഹാജരാക്കുന്ന ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് ഒറ്റത്തവണ ധനസഹായം അനുവദിക്കുന്നു. |
| 12 | ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 40% യോഗ്യതാ മാർക്കുള്ള ഒന്നാം ക്ലാസ് മുതൽ പ്രൊഫഷണൽ പി.ജി കോഴ്സുകൾ വരെ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി |

<u>മേൽപറഞ്ഞ പദ്ധതികൾക്കായി അനുവദിച്ച/ ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ</u>

| **ക്രമ നം** | **പദ്ധതി** | **ചെലവഴിച്ച തുക 2021-22** | **ചെലവഴിച്ച തുക 2022-23** |
|---|---|---|---|
| 1 | വിദ്യാകിരണം | 2,29,71,000/- | 3,00,73,150/- |

| | | | |
|---|---|---|---|
| 2 | വിദ്യാജ്യോതി | 9.24,104/- | 4,01,685/- |
| 3 | പരിണയം | 3,16,20,000/- | 1,56,00,000/- |
| 4 | സ്വാശ്രയ പദ്ധതി | 42,00,000/- | 17,10,000/- |
| 5 | വിജയാമൃതം | 2,69,954/- | 3,09,139/- |
| 6 | മാതൃജ്യോതി പദ്ധതി | 10,92,162/- | 21,85,031/- |
| 7 | വിദൂര വിദ്യാഭ്യാസ ധനസഹായം | 41,390/- | 4,205/- |
| 8 | പരിരക്ഷാ പദ്ധതി | 8,94,220/- | 15,33,199/- |
| 9 | സഹചാരി | 1,12,096/- | 1,54,060/- |
| 10 | ഇംപ്രസ്റ്റ് മണി | 1,79,078/- | 1,32,583/- |
| 11 | വികലാംഗ ദുരിതാശ്വാസ നിധി | 11,59,000/- | - |
| 12 | ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 9,13,500/- | 2,45,000/- |
| | **ആകെ** | **6,43,76,504/-** | **5,23,48,052/** |